**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1138** **07-12-2022 - ൽ മറുപടിയ്ക്ക്**

**ജലസേചന വകുപ്പിൽ ഒഴിവുള്ള എഞ്ചിനിയറിംഗ് സ്റ്റാഫിന്റെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലസേചന വകുപ്പിൽ അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയർ ഉൾപ്പെടെയുള്ള ചീഫ് എഞ്ചിനീയർമാരുടെ തസ്തിക ആറ് മാസത്തോളമായി ഒഴിഞ്ഞു കിടക്കുന്നതിനാലുണ്ടായിട്ടുള്ള ഭരണസ്തംഭനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഭരണസ്തംഭനം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സെലക്ട് ലിസ്റ്റ് പബ്ലിഷ് ചെയ്ത് മാസങ്ങൾ പിന്നിട്ടിട്ടും എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ പ്രൊമോഷൻ നടപടികൾ പൂർത്തീകരിക്കാത്തതും പല ഓഫീസുകളിലും അധികചുമതല നൽകിയതും ഓഫീസ് പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ജലസേചന വകുപ്പിൻ കീഴിൽ ഉള്ള ഒരു ആഫീസിന്റെയും ദൈനംദിന പ്രവർത്തനം തടസ്സപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. |
| (സി) | എങ്കിൽ വിവിധ എഞ്ചിനിയറിംഗ് തസ്തികകളിൽ വന്ന ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | 13.09.2022, 19.10.2022 എന്നീ തീയതികളിൽ നടന്ന ഡിപിസി (ഹയർ) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ), എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ), സൂപ്രണ്ടിങ് എഞ്ചിനീയർ (സിവിൽ) എന്നീ തസ്തികകളിലേയ്ക്കുള്ള സ്ഥാന ക്കയറ്റത്തിന് വേണ്ടിയുള്ള സെലക്ട് ലിസ്റ്റ് തയാറാക്കിയിട്ടുണ്ട്. ടി സെലക്ട് ലിസ്റ്റ് പ്രകാരം സൂപ്രണ്ടിങ് എഞ്ചിനീയർ (സിവിൽ) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയർ (ഐ&എ) സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. മറ്റ് എഞ്ചിനീയറിംഗ് തസ്തികകളിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിനുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ (ഐ&എ) സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ